## റിപ്പോർട്ടുകളുടെ സമർപ്പണം

1. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം

ശ്രീ. കെ. ബാബു (നെന്മാറ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ബഹുമാനപ്പെട്ട അധ്യക്ഷനുവേണ്ടി സമിതിയംഗമായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും

ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

3. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

4. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 8 മുതൽ 11 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 8 മുതൽ 11 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ): സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അധ്യക്ഷനുവേണ്ടി സമിതിയംഗമായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

(നിയമനിർമ്മാണകാര്യം)